# കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിലെ ശ്രീമതി. വി.ജി.ശോഭനയെ ലൈബ്രേറിയൻ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1744/2012/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,25.06.2012.**

---

പരാമർശം:- 1) സഉ(എം.എസ്) നമ്പർ 88/10/തസ്വഭവ തീയതി 03.05.2010.
2) സഉ(എം.എസ്) നമ്പർ 170/10/തസ്വഭവ തീയതി 06.08.2010.
3) ശ്രീമതി.വിജി.ശോഭന 22.12.2010 ൽ സമർപ്പിച്ച നിവേദനം.
4) ബഹു. ഹൈക്കോടതിയുടെ WP© 16075/2011 (H) മേലുള്ള 15.06.2011 ലെ വിധിന്യായം.
5) പഞ്ചായത്ത് ഡയറക്ടറുടെ 26.09.2011, 30.01.2012 തീയതികളിലെ ഇ9-21957/11 നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർശം 1,2 സർക്കാർ ഉത്തരവുകൾ പ്രകാരം, പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2 ലെ ഉത്തരവിൽ കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിലെ ദിവസ വേതനക്കാരിയായ ശ്രീമതി.വി.ജി. ശോഭനയെ നഴ്സറി ടീച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു.

എന്നാൽ പരാമർശം 3 പ്രകാരം ശ്രീമതി. ശോഭന സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ, താൻ 1.08.1992 മുതൽ 20.06.2008 വരെ മാത്രമേ നഴ്സറി ടീച്ചർ തസ്തികയിൽ ജോലി നോക്കിയിട്ടുള്ളൂ എന്നും 9.10.2009 മുതൽ ലൈബ്രേറിയൻ തസ്തികയിലാണ് ജോലി ചെയ്തിരുന്നതെന്നും ഈ സാഹചര്യത്തിൽ തന്നെ ലൈബ്രേറിയൻ തസ്തികയിൽ സ്ഥിരപ്പെടുത്തി ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി .

തുടർന്ന് തന്നെ ലൈബ്രേറിയൻ തസ്തികയിൽ സ്ഥിരപ്പെടുത്താതെ നഴ്സറി ടീച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിനെതിരെ ശ്രീമതി.ശോഭന സമർപ്പിച്ച WP© 16075/2011 നമ്പർ കേസിന്റെ 15.06.2011 ലെ വിധിന്യായത്തിൽ , വിധിന്യായം ലഭിച്ച് 3 മാസത്തിനകം പരാതിക്കാരിയെ നേരിൽ കേട്ട് ടിയാളുടെ നിവേദനത്തിൻമേൽ (എക്സിബിറ്റ് പി.8) അന്തിമ തീരുമാനമെടുക്കണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

ശ്രീമതി. ശോഭനയുടെ നിവേദനത്തിൻമേൽ പരാമർശം 5 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് 12.10.2011 തീയതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി പരാതിക്കാരിയെ നേരിൽ കേൾക്കുകയുമുണ്ടായി. ഹിയറിംഗ് വേളയിൽ പരാതിയിൽ പറഞ്ഞ കാര്യങ്ങൾ തന്നെ അവർ ആവർത്തിക്കുകയുണ്ടായി. ശ്രീമതി. വി.ജി.ശോഭന 6/2008 മുതൽ 9/2009 വരെയുള്ള ഒരു വർഷക്കാലത്തിനുമുകളിലുള്ള കാലയളവിൽ ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും, വാടാട്ടുപാറ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ലൈബ്രേറിയൻ രാജിവച്ചപ്പോൾ ഒഴിവുവന്ന തസ്തികയിൽ ടിയാളെ നിയമിക്കുകയുമാണുണ്ടായത് എന്നും ആയതിനാൽ ലൈബ്രേറിയൻ തസ്തികയിൽ തന്നെ നിയമനം നൽകണമെന്നും ടിയാൾ ഹിയറിംഗ് സമയത്ത് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.വി.ജി.ശോഭന 6/2008 ൽ നഴ്സറി സ്കൂൾ നിറുത്തലാക്കിയപ്പോൾ നഴ്സറി സ്കൂൾ ടീച്ചറായി സേവനത്തിൽ ഉണ്ടായിരുന്നില്ല. തുടർന്ന് 08.10.2009 ലെ IX (4) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം മാത്രമാണ് പഞ്ചായത്ത് ലൈബ്രേറിയനായി ഓണറേറിയം വ്യവസ്ഥയിൽ 9.10.2009 മുതൽ നിയമിച്ചിട്ടുള്ളത്. 31.12.2000 നോ അതിന് മുൻപോ 11 ഇന പരിപാടിയനുസരിച്ച് നിയമിക്കപ്പെട്ട ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ ജി.ഒ(എം.എസ്) നമ്പർ 88/2010/തസ്വഭവ തീയതി 03.05.2010 , ജി.ഒ(എം.എസ്) നമ്പർ 170/10/തസ്വഭവ തീയതി 06.08.2010 എന്നീ ഉത്തരവുകൾ അനുസരിച്ച് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സേവനം ക്രമീകരിച്ചിരുന്നു. ഏത് തസ്തികയിലൂണോ സ്ഥിരപ്പെടുത്തപ്പെടേണ്ടത്, ടി തസ്തികയിൽ 31.12.2000ന് മുൻപ് നിയമനം ലഭിച്ചിരിക്കണം എന്നത് സ്ഥിരപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ്. നഴ്സറി സ്കൂൾ നിർത്തലാക്കിയ തിനെത്തുടർന്ന് 09.10.2009 ലാണ് ശ്രീമതി. ശോഭനയെ ലൈബ്രേറിയൻ തസ്തികയിൽ നിയമിച്ചത്. ഇത് 31.12.2000 ന് ശേഷമായതിനാൽ ടി തസ്തികയിൽ പരാമർശം 1,2 ലെ ഉത്തരവുകളനുസരിച്ച് ടിയാളെ സ്ഥിരപ്പെടുത്തുന്നതിന് നിർവ്വാഹമില്ല. 11 ഇന പരിപാടി യനുസരിച്ച് സ്ഥാപിച്ച ശിശു മന്ദിരം കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു എങ്കിൽ 31.12.2000 ന് മുൻപ് (അതായത് 01.08.1992 മുതൽ) നഴ്സറി ടീച്ചർ ആയി നിയമനം ലഭിച്ചിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഇടവേള ക്രമീകരിച്ച് സ്ഥിരപ്പെടുത്തുന്ന കാര്യമെങ്കിലും ആലോചിക്കാമായിരുന്നു. ശിശുമന്ദിരം നിർത്തലാക്കിയതിനാൽ ഈ മാർഗ്ഗം സ്വീകരിക്കുവാനും നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നു.

മേൽ സാഹചര്യത്തിൽ കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിൽ ലൈബ്രേറിയനായി സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി.വി.ജി.ശോഭനയുടെ എക്സിബിറ്റ് പി.8 നിവേദനം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം 3 ലെ WP© 16075/2011 (H) ൻമേലുള്ള ബഹു.ഹൈക്കോടതി വിധി ഇപ്രകാരം പാലിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.പി.ശ്രീകുമാർ**
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.

ശ്രീമതി. വി.ജി.ശോഭന, കൂട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല.

(സെക്രട്ടറി, കൂട്ടമ്പുഴ ഗ്രാമ പഞ്ചായത്ത് മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ